പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.987 — 05.03.2020-ൽ മറുപടിക്ക്

## ബൈപ്പാസ് നിർമ്മാണങ്ങളുടെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) ആലപ്പുഴ ബൈപ്പാസ് പ്രവൃത്തി 98.60% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ബൈപ്പാസിന്റെ ഭാഗമായുള്ള റെയിൽവേ മേൽപ്പാല നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ; | (ബി) ആലപ്പുഴ ബൈപ്പാസിൽ ഉൾപ്പെടുന്ന രണ്ട് റെയിൽവേ മേൽപ്പാലങ്ങളിൽ ROB-I ന്റെ വലതു ഭാഗത്തെ സ്ലാബ് കോൺക്രീറ്റ് പൂർത്തിയായിട്ടുണ്ട്. റെയിൽവേയിൽ നിന്നും അനുമതി ലഭിച്ചാലുടൻ ROB -II ന്റെ പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (സി) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കാമോ; | (സി) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം നടപ്പിലാക്കുന്നത് NHAI മുഖാന്തിരമാണ്. M/S.GHV (India) Pvt. Ltd. - M/S. EKK Infra Structure Pvt. Ltd. എന്നിവർ സംയുക്തമായാണ് പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. 883.98 കോടി രൂപ ചിലവ് വരുന്ന ഈ പ്രവൃത്തിയുടെ Appointed date 04.12.2017 ആണ്. 910 ദിവസം നിർമ്മാണ കാലാവധിയുള്ള ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 31/05/2020 ആണ്. M/S. Feedback Infra Pvt. Ltd. ആണ് ഇതിന്റെ അതോറിറ്റി എഞ്ചിനീയർ. നിലവിൽ 47% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) തൊണ്ടയാട് ഫ്ലൈഓവർ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എന്നത്തേക്ക് പൂർത്തീകരിക്കും എന്നറിയിക്കുമോ? | (ഡി) തൊണ്ടയാട് ഫ്ലൈഓവർ നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ